III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

എൻഡോസൾഫാൻ ദുരിതബാധിതർക്കുവേണ്ടിയുള്ള പുനരധിവാസ പ്രവർത്തനങ്ങൾ

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ): മന്ത്രിസഭാ തീരുമാന പ്രകാരം കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു.

(1) എൻഡോസൾഫാൻ ദുരിതബാധിതരിൽ ദീർഘകാല ചികിത്സാ ആവശ്യമുള്ളവരും തൊഴിലെടുക്കാൻ കഴിയാത്തവരുമായവർക്ക് 2,000 രൂപ വീതവും (ഇവരിൽ 300 രൂപ വികലാംഗ പെൻഷൻ ലഭിക്കുന്നവർക്ക് 1,700 രൂപ വീതവും) മറ്റുതരത്തിലുള്ള രോഗങ്ങളുള്ളവർക്ക് 1,000 രൂപ വീതവും പ്രതിമാസ ധനസഹായം നൽകുന്നതിന് സാമൂഹ്യക്ഷേമ വകുപ്പിനെയും കേരള സോഷ്യൽ സെക്യൂരിറ്റി മിഷനെയും ചുമതലപ്പെടുത്തി.

രോഗബാധിതരുടെ സമ്പൂർണ്ണ ലിസ്റ്റ് തയ്യാറാക്കി ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. പഞ്ചായത്ത് സമിതികൾ പരിശോധന നടത്തി ലിസ്റ്റ് അംഗീകരിച്ച് ജില്ലാ കളക്ടർക്ക് നൽകുന്ന മുറയ്ക്ക് പെൻഷൻ അനുവദിക്കുന്നതാണ്.

(2) ദുരിതബാധിതർക്ക് സൗജന്യ റേഷൻ അനുവദിക്കുകയും ഇത് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തു. 977 രോഗികൾക്ക് ഇപ്പോൾ രണ്ട് രൂപയ്ക്ക് അരി ലഭിക്കുന്നുണ്ട്.

(3) 2-12-2010-ന് കാസർഗോഡ് വച്ച് ആരോഗ്യ-സാമൂഹ്യക്ഷേമ വകുപ്പു മന്ത്രിയുടെ അദ്ധ്യക്ഷതയിൽ എം.എൽ.എ.മാർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ജില്ലാ കളക്ടർ, ആരോഗ്യ വകുപ്പിലേയും സാമൂഹ്യക്ഷേമ വകുപ്പിലെയും ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്ത യോഗം ചേർന്ന് പ്രവർത്തനങ്ങൾ അവലോകനം ചെയ്തു.

(4) ദുരിതബാധിത പഞ്ചായത്തുകളിൽ മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാനും സ്പെഷ്യലിസ്റ്റ് ഡോക്ടർമാർ അടക്കമുള്ള വിദഗ്ധ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാനും തീരുമാനിച്ചു.

ആദ്യഘട്ടത്തിൽ താഴെപ്പറയുന്ന രീതിയിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി:

16-12-2010	ജി. വി. എച്ച്.എസ്. കയ്യൂർ.
17-12-2010	ബി.എ.ആർ.എച്ച്.എസ്. മുളിയാർ.
18-12-2010	എസ്.എൻ. ഹൈസ്കൂൾ, പെരിയ.
19-12-2010	ഗവൺമെന്റ് യു. പി. എസ്., പാണത്തൂർ.

LIBRARY ARCHIVES Kerala Legislative Assembly

കോഴിക്കോട് മെഡിക്കൽ കോളേജിൽ നിന്നും 12 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ നിന്നും 4 സ്പെഷ്യലിസ്റ്റുകളും ക്യാമ്പുകളിൽ പങ്കെടുത്തു. 4323 പേർ ചികിത്സ തേടി. ഇനി 18 ക്യാമ്പുകൾ കൂടി നടത്തുന്നതിന് പ്ലാൻ ചെയ്തുകഴിഞ്ഞു.

(5) ദുരിത ബാധിത മേഖലയിലെ 12 പ്രഥമികാരോഗ്യ/സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ഒരു വാഹനം വീതം ലഭ്യമാക്കിയിട്ടുണ്ട്. ഈ വാഹനങ്ങളിൽ ഒരു നഴ്സിന്റെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സാന്ത്വന പരിചരണത്തിനും ചികിത്സയ്ക്കും പഞ്ചായത്തുകൾ മുഖേന പ്രത്യേക കർമ്മപരിപാടി നടപ്പാക്കുന്നതാണ്. ഇതിനായി പരിശീലനം ലഭിച്ച 184 ആശാ വോളണ്ടിയർമാരുടെ സേവനം കൂടി പഞ്ചായത്തുകൾക്ക് ഉപയോഗിക്കാവുന്നതാണ്.

(6) ഇപ്പോൾ കാസർഗോഡുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റ് ഒരു പഞ്ചായത്തിൽ രണ്ട് ദിവസം വീതം വീടുകളിൽ പോയി സേവനം നൽകുന്നുണ്ട്. മോഡേൺ മെഡിസിൻ, ആയുർവ്വേദം, ഹോമിയോപ്പതി എന്നീ മൂന്ന് വിഭാഗങ്ങളിലെയും ഓരോ ഡോക്ടർമാരും, ഒരു നഴ്സ്, ഫിസിയോതെറാപ്പിസ്റ്റ്, ഒരു സ്പെഷ്യൽ എഡ്യൂക്കേറ്റർ, സ്പീച്ച് തെറാപ്പിസ്റ്റ്, സൈക്യാട്രിക് സോഷ്യൽ വർക്കർ എന്നിവർ സംഘത്തിലുണ്ട്. ഇതിനുപുറമേ പെരിയയിലും ബദിയടുക്കയിലും ഒരോ മൊബൈൽ യൂണിറ്റു കൂടി ലഭ്യമാക്കും.

(7) ദുരിതബാധിതർക്കാവശ്യമായ മുഴുവൻ മരുന്നുകളും മറ്റ് ഉപകരണങ്ങളും സൗജന്യമായി വാങ്ങി നൽകുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസറെ ചുമതലപ്പെടുത്തി.

(8) എൻഡോസൾഫാൻ മേഖലയിലെ അധിക സേവനത്തിനായി താഴെപ്പറയുന്ന വിഭാഗം സ്റ്റാഫിനെ പി.എസ്.സി. റാങ്ക് ലിസ്റ്റിൽപ്പെട്ടവരിൽ നിന്നും താത്ക്കാലികമായി നിയമിച്ചു.

ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്	70
ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ	31
സ്റ്റാഫ് നഴ്സ് (പുരുഷൻ)	12
സ്റ്റാഫ് നഴ്സ് (വനിത)	12
ഫിസിയോതെറാപ്പിസ്റ്റ്	12
എക്സ്റേ ടെക്നീഷ്യൻ	1

(9) കാസർഗോഡ് ജനറൽ ആശുപത്രിയിൽ ഫിസിയോതെറാപ്പി യൂണിറ്റ് സജ്ജമാക്കി വരുന്നു. ഉപകരണങ്ങൾക്ക് കെൽട്രോൺ മുഖേന ഓർഡർ നൽകിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ഒരു സി. ടി. സ്കാൻ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചു വരുന്നു.

(10) പെർള, കയ്യൂർ-ചീമേനി എന്നിവിടങ്ങളിൽ ആയുർവ്വേദ ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(11) ദുരിത ബാധിത പഞ്ചായത്തുകളിൽ വിവിധ ക്ഷേമ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഓരോ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാരെ വീതം അധികം നിയമിച്ചു.

(12) വിവിധ വകുപ്പുകൾ മുഖേന നടക്കുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനും 28.12.2010-ലെ സർക്കാർ ഉത്തരവ് (നമ്പർ 9447/2010/ജി.എ.ഡി) പ്രകാരം ഡോ. ദിനേഷ് അറോറ, ഐ.എ.എസ്.-നെ നോഡൽ ഓഫീസറായി നിശ്ചയിച്ചിട്ടുണ്ട്.

(13) ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുന്നതിന് ഒരു ഉന്നതാധികാര കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ചെയർമാൻ), ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി (വൈസ് ചെയർമാൻ) ധനകാര്യം, കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ, വിദ്യാഭ്യാസം എന്നീ വകുപ്പുമന്ത്രിമാർ, ചീഫ് സെക്രട്ടറി, ധനകാര്യം, ആരോഗ്യം, സാമൂഹ്യ ക്ഷേമം, കൃഷി, തദ്ദേശ സ്വയംഭരണം, റവന്യൂ, പൊതുവിദ്യാഭ്യാസം, പരിസ്ഥിതി വകുപ്പുകളുടെ സെക്രട്ടറിമാർ, സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (നോഡൽ ഓഫീസർ) എന്നിവർ അംഗങ്ങളായിരിക്കും.

(14) ദുരിതാശ്വാസ, പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഒരു വർക്കിംഗ് കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പ് ഡയറക്ടർ (നോഡൽ ഓഫീസർ) കൺവീനറും ആരോഗ്യം, ആരോഗ്യ വിദ്യാഭ്യാസം, കൃഷി, പഞ്ചായത്ത്, പൊതുവിദ്യാഭ്യാസം, എന്നീ വകുപ്പുകളുടെ ഡയറക്ടർമാർ, ലാന്റ് റവന്യൂ കമ്മിഷണർ, മലിനീകരണ നിയന്ത്രണ ബോർഡ് ചെയർമാൻ, കാസർഗോഡ് ജില്ലാ കളക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ഡയറക്ടർ, നാഷണൽ റൂറൽ ഹെൽത്ത് മിഷൻ ചീഫ് എഞ്ചിനീയർ, സോഷ്യൽ സെക്യൂരിറ്റി മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവർ അംഗങ്ങളുമായിരിക്കും

IV. റിപ്പോർട്ട് സമർപ്പണം

എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പത്തൊൻപതാമത് റിപ്പോർട്ട്

ശ്രീ. പി. ജയരാജൻ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പത്തൊൻപതാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

V. നിയമനിർമ്മാണ കാര്യം

സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ, പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരനടപടികളും

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പോലീസ് ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ) : സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly